പതിനാലാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.1139 — 02.05.2017 ൽ മറുപടിയ്ക്ക്

## കേരഫെഡ് സംസ്ഥാനത്തെ കർഷകരിൽ നിന്നും തേങ്ങയും കൊപ്രയും സംഭരിക്കുവാൻ നിർദ്ദേശം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.എൻ. ഷംസുദ്ദീൻ | ശ്രീ. വി.എസ്.സുനിൽ കുമാർ (ബഹു.കൃഷി വകുപ്പ് മന്ത്രി) |
| (എ) കേരഫെഡിന് സംസ്ഥാനത്ത് എവിടെയെല്ലാം ഫാക്ടറികൾ ഉണ്ടെന്ന് വ്യക്തമാക്കുമോ; | (എ) കേരഫെഡിന് കൊല്ലം ജില്ലയിലെ കരുനാഗപ്പള്ളിയിലും കോഴിക്കോട് ജില്ലയിലെ നടുവണ്ണൂരിലുമായി രണ്ട് ഫാക്ടറികൾ ഉണ്ട്. |
| ബി) ഇവിടെ നിന്നും പ്രതിദിനം എത്ര ടൺ വെളിച്ചെണ്ണ ഉത്പാദിപ്പിക്കുന്നുണ്ട്; | (ബി) കരുനാഗപ്പള്ളി ഫാക്ടറിയിൽ നിന്നും പ്രതിദിനം 38 ടൺ വെളിച്ചെണ്ണയും നടുവണ്ണൂർ ഫാക്ടറിയിൽ നിന്നും പ്രതിദിനം 12 ടൺ വെളിച്ചെണ്ണയും ഉൽപ്പാദിപ്പിക്കുന്നു. |
| സി) പ്രസ്തുത ഫാക്ടറികളിലേക്ക് ആവശ്യമായ തേങ്ങയും കൊപ്രയും കേരളത്തിൽ നിന്ന് മാത്രമാണോ സംഭരിക്കുന്നത്; അല്ലെങ്കിൽ എവിടെനിന്നെല്ലാമെന്ന് വ്യക്തമാക്കുമോ; | (സി) കേരളത്തിൽ നിന്നുമാത്രമാണ് സംഭരിക്കുന്നത്. |
| ഡി) വെളിച്ചെണ്ണ ഉത്പാദനം വർദ്ധിപ്പിക്കുവാനും അന്യ സംസ്ഥാനത്തുനിന്നുള്ള കൊപ്ര സംഭരണം കുറച്ച് സംസ്ഥാനത്തെ കേരകർഷകരിൽ നിന്നും കൂടുതൽ തേങ്ങയും കൊപ്രയും സംഭരിക്കുവാനും സർക്കാർ കർശന നിർദ്ദേശം നൽകുമോയെന്ന് വ്യക്തമാക്കുമോ? | (ഡി) വെളിച്ചെണ്ണ ഉത്പാദനം വർദ്ധിപ്പിച്ചിട്ടുണ്ട്. ഇതിലേയ്ക്കാവശ്യമായ കൊപ്രയും നാളികേരവും കേരളത്തിൽ നിന്നുമാത്രമാണ് സംഭരിക്കപ്പെടുന്നത് |

സെക്ഷൻ ഓഫീസർ